53 (1094) വനം, കൃഷി വകുപ്പുകൾ കൂട്ടായി അഗ്രോഫോറസ്ട്രി സ്ഥാപിക്കണമെന്ന ആവശ്യം

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനംവകുപ്പു കൃഷിവകുപ്പുമായി സഹകരിച്ച് വനമേഖലകളിൽ അഗ്രോഫോറസ്റ്റ്റി നടപ്പിലാക്കുവാനുള്ള ഒരു പദ്ധതി ആവിഷ്ക്കരിക്കുമോ;

(ബി) വനമേഖലകളിൽ ആയുർവേദ ഔഷധചെടികൾ നടുവാനും അതിലൂടെ ലഭിക്കുന്ന തുക വനവൽക്കരണത്തിന് മുടക്കുവാനുതകുന്ന ഒരു പദ്ധതി ആവിഷ്ക്കരിക്കുമോ?

ഉത്തരം

(എ)&(ബി) വനമേഖലകളിൽ അഗ്രോഫോറസ്ട്രി നടപ്പിലാക്കുന്നതിനും ആയുർവേദ ഔഷധച്ചെടികൾ നടുന്നതിനും നിയമ തടസ്സം ഉള്ളതിനാൽ ഇപ്രകാരം പദ്ധതികൾ ആവിഷ്ക്കരിക്കുവാൻ സംസ്ഥാന സർക്കാരിന് നിർവ്വാഹമില്ല.

54 (1095) "വയനാട് ജില്ലയിലെ വനത്തിനകത്ത് താമസിക്കുന്നവരെ മാറ്റിപാർപ്പിക്കുന്ന നടപടി"

ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ വനത്തിനകത്ത് താമസിക്കുന്നവരെ മാറ്റിപ്പാർപ്പിക്കുന്നതിനുള്ള നടപടികൾ ഏതുവരെയായി എന്നറിയിക്കുമോ;

(ബി) വനത്തിനുള്ളിൽ താമസിക്കുന്നവരെ മാറ്റിപ്പാർപ്പിക്കുന്നതിന് കാലതാമസം വരുത്താതെ തീരുമാനം കൈക്കൊള്ളുമോ?

ഉത്തരം

(എ) വയനാട് ജില്ലയിൽ പുനരധിവസിപ്പിക്കപ്പെടുന്നതിന് സന്നദ്ധത പ്രകടിപ്പിച്ച കൊട്ടങ്കര, കുണ്ടുചിറ, വെള്ളക്കോട്, പുത്തൂർ, പിലാക്കാവ്, അരകുത്തി, തേക്കുറവയൽ, കുത്രംകൊല്ലി എന്നീ 8 കോളനികളിലുള്ള കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനുള്ള ഒരു പദ്ധതി പരിശോധിച്ചു കൊണ്ടിരിക്കുകയാണ്.

(ബി) കാലതാമസമില്ലാതെ തീരുമാനം എടുക്കുന്നതാണ്.

55 (1096) വനഭൂമി കയ്യേറ്റം ഒഴിപ്പിക്കാൻ നടപടി

ശ്രീ. എ.കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിൽ ദേവികുളം താലൂക്കിൽ അടിമാലി പഞ്ചായത്തിൽ അടിമാലി ഫോറസ്റ്റ് റെയിഞ്ചിൽപ്പെട്ട അടിമാലി തലയുരപ്പൻ ആദിവാസികുടിയിൽപ്പെട്ട ഫോറസ്റ്റ് സ്ഥലം കയ്യേറി പാർട്ടി ഓഫീസ് പണിയുന്ന കാര്യം സർക്കാർ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly